**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 137** **15-03-2022 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളിൽ ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എഡ്യൂടെക് കമ്പനികൾക്ക് വിശാലാധികാരം നൽകുമെന്ന യു.ജി.സി. ചെയർമാന്റെ പ്രസ്താവന പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ചട്ടക്കൂടിനനുസരിച്ച് ഉന്നതവിദ്യാഭ്യാസ മേഖലയുടെ വരേണ്യവൽക്കരണത്തിലേക്കുള്ള ചുവടു വയ്പാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഇത് സൃഷ്ടിക്കാനിടയുള്ള പ്രശ്നങ്ങൾ വിലയിരുത്തുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എഡ്യൂടെക് കമ്പനികൾക്ക് അധികാരം നൽകുന്ന നിയമപരമായ നടപടികൾ ഉണ്ടായിട്ടില്ല. എഡ്യൂടെക് കമ്പനികൾ നൽകുന്ന സേവനങ്ങൾ ഉപയോഗിക്കുന്നതിന്റെ സാമൂഹിക നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പരിഗണിക്കുന്നതാണ്. |
| (ബി) | ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണഫലങ്ങൾ സമൂഹത്തിനാകെ പ്രയോജനം ചെയ്യുന്നവിധം ലഭിക്കേണ്ടതിന് ഗവേഷണത്തിന് പ്രാധാന്യം നൽകുന്ന ഉൽകൃഷ്ട കേന്ദ്രങ്ങൾ എല്ലാ സർവ്വകലാശാലയിലും രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; സർവ്വകലാശാലകൾക്കുള്ളിൽ പ്രഗത്ഭരുടെ നേതൃത്വത്തിൽ ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. ഉൽകൃഷ്ട കേന്ദ്രങ്ങളുടെ തിരഞ്ഞെടുപ്പ് പ്രക്രിയ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ ഒരു വിദഗ്ധ സമിതിയുടെ സഹായത്തോടെ പുരോഗമിക്കുന്നുണ്ട്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് തുടർന്നുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ ആദ്യസ്ഥാനങ്ങളിൽ ഇടംപിടിക്കും വിധം സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും മികവ് വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ? | (സി) | എൻ.ഐ.ആർ.എഫ് റാങ്കിംഗ് 2021 ൽ സംസ്ഥാനത്തെ സർവ്വകലാശാലകളും കോളേജുകളും അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടിക പ്രകാരം മികവ് നിലനിർത്തിയിട്ടുണ്ട്. രാജ്യത്തെ സർവ്വകലാശാലകൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അക്കാദമിക് പ്രകടനം വർഷംതോറും വിലയിരുത്തുന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നല്കുന്നതിന് ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന ഏജൻസിയാണ് നാഷണൽ അസസ്സ്മെൻറ് ആൻറ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC). ഇതേ മാതൃകയിൽതന്നെ സംസ്ഥാനതലത്തിൽ പ്രാദേശിക വൈവിദ്ധ്യങ്ങളുടെയും |

| | | | | |
|---|---|---|---|---|
| | | | | പ്രത്യേകതകളുടെയും അളവുകോലുകൾകൂടി ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തിക്കൊണ്ട് ഗ്രേഡിംഗ് നൽകുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ രൂപീകരിച്ച സ്റ്റേറ്റ് അസസ്സ്മെൻറ് ആൻറ് അക്രഡിറ്റേഷൻ സെൻററി (SAAC) ന്റെ പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. നാക് (NAAC) നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കുപുറമേ, Scientific temper and secular outlook, Equity & Excellence, Social Inclusiveness എന്നിവ ഉൾപ്പെടെ സംസ്ഥാനത്തിന്റെ നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെ കൂടി അടിസ്ഥാനത്തി ലാണ് SAAC അസസ്സ്മെൻറും ഗ്രേഡിംഗും നൽകുന്നത്. NIRF ന്റെ മാതൃകയിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാന ത്തിൽ റാങ്കുചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework) (KIRF) സംവിധാനം രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ കടന്നുവരുന്ന വിദ്യാർത്ഥികൾക്ക് ഗുണ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുവാൻ സഹായിക്കും. മാത്രമല്ല നമ്മുടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയവും അന്തർദേശീയവുമായ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിന് ഇത് സഹായകരമായിരിക്കും. സ്ഥാപനതല ത്തിൽ പ്രവർത്തിക്കുന്ന IQAC കളെ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കു ന്നതിന് SLQAC യുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ദേശീയ റാങ്കിംഗ് | സർവ്വകലാശാല |
|---|---|
| 27 | കേരള സർവ്വകലാശാല |
| 31 | മഹാത്മാഗാന്ധി സർവ്വകലാശാല |
| 44 | കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി |
| 60 | കാലിക്കറ്റ് സർവ്വകലാശാല |

| ദേശീയ റാങ്കിംഗ് | കോളേജുകൾ |
|---|---|
| 25 | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം |
| 31 | രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം |
| 44 | മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം |
| 45 | സെന്റ് തെരേസാസ് കോളേജ്, എറണാകുളം |
| 46 | ഗവൺമെന്റ് കോളേജ് ഫോർ വിമൺ, തിരുവനന്തപുരം |
| 63 | സാക്രട്ട് ഹാർട്ട് കോളേജ്, എറണാകുളം |
| 64 | സെന്റ് തോമസ് കോളേജ്, തൃശ്ശൂർ |
| 69 | സെന്റ് ജോസഫ്സ് കോളേജ്, കോഴിക്കോട് |
| 73 | ഫറൂക്ക് കോളേജ്, കോഴിക്കോട് |
| 79 | എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി |
| 80 | മാർത്തോമ കോളേജ്, തിരുവല്ല |
| 82 | ഗവൺമെന്റ് കോളേജ്, കാസർഗോഡ് |
| 86 | മാർ അത്തനേഷ്യസ് കോളേജ്, കോതമംഗലം |
| 89 | ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര |
| 89 | ബിഷപ്പ് കുരിയാലച്ചേരി കോളേജ് ഫോർ വിമൺ, കോട്ടയം |
| 92 | മഹാരാജാസ് കോളേജ്, എറണാകുളം |
| 93 | സി.എം.എസ് കോളേജ്, കോട്ടയം |
| 97 | ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, കണ്ണൂർ |
| 99 | ഗവൺമെന്റ് വിക്ടോറിയ കോളേജ്, പാലക്കാട് |

**സെക്ഷൻ ഓഫീസർ**